**കേരള കാർഷിക സർവകലാശാല വാർത്തകൾ**
**(ഒക്ടോബർ 14 – 20, 2022)**

**(തയ്യാറാക്കിയത്: കമ്മ്യൂണിക്കേഷൻ സെന്റർ, മണ്ണുത്തി – 680651**
**e-mail: ccmannuthy@kau.in, Phone:0487-2370773)**

No. C3/4/2022 - 41 Dt.13.10. 2022

**ഈയാഴ്ചത്തെ വിളപരിപാലന നിർദ്ദേശങ്ങൾ**

നെൽപ്പാടങ്ങളിൽ ചിനപ്പ് പൊട്ടിക്കൊണ്ടിരിക്കുന്ന പ്രായമെങ്കിൽ ഏക്കർ ഒന്നിന് 25 കിലോ യൂറിയ, 10 കിലോ പൊട്ടാഷ് എന്നിവ വിതറിക്കൊടുക്കണം. ശുപാർശ ചെയ്തതിൽ കൂടുതൽ യൂറിയ ഉപയോഗിക്കുന്നത് നെല്ലിലെ രോഗകീടബാധ വർദ്ധിപ്പിക്കുവാൻ കാരണമാക്കുന്നു. നെല്ലിലെ ഇലകരിച്ചിൽ രോഗം പ്രതിരോധിക്കാനായി 200 ഗ്രാം പച്ച ചാണകം 10 ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ കലക്കിയ ലായനിയുടെ തെളിയിൽ 200 ഗ്രാം സ്യൂഡോമൊണാസ് കലക്കി തളിച്ചു കൊടുക്കാം. രോഗം പടരാതിരിക്കുന്നതിനായി എക്കർ ഒന്നിന് 2 കിലോഗ്രാം ബ്ലീച്ചിംഗ് പൗഡർ 100 ഗ്രാം വീതമുള്ള കിഴി കെട്ടി വെള്ള ചാലുകളിൽ അവിടവിടെയായി ഇട്ടു കൊടുക്കുന്നതും നല്ലതാണ്. തണ്ടുതുരപ്പൻ, ഓലചുരുട്ടിപ്പുഴു എന്നിവയെ നിയന്ത്രിക്കുന്നതിന് വിത കഴിഞ്ഞ് 30 ദിവസത്തിന് ശേഷമോ നടീൽ കഴിഞ്ഞ് 15 ദിവസത്തിന് ശേഷമോ പാടങ്ങളിൽ ട്രൈക്കോ കാർഡുകൾ ഏക്കറിന് രണ്ടു കാർഡുകൾ വീതം 20 കഷണങ്ങളായി മുറിച്ച് 5 സെന്റിന് ഒരു കഷണം വീതം നെൽപാടത്ത് കെട്ടി കൊടുക്കണം. മുട്ടക്കാർഡുകൾ 10-15 ദിവസത്തിലൊരിക്കൽ മാറ്റി വെക്കേണ്ടതാണ്. തണ്ടുതുരപ്പന്റേയും ഓലചുരട്ടിപ്പുഴുവിന്റേയും ആക്രമണം രൂക്ഷമാണെങ്കിൽ 3 മി.ല്ലി ക്ലോറാൻട്രാനിലിപ്രോൾ 10 ലിറ്റർ വെള്ളത്തിൽ ലയിപ്പിച്ച് തളിക്കുക. നെല്ലിന്റെ കുഴൽപുഴു തുടങ്ങിയവ നിയന്ത്രണാതീതമായി കണ്ടാൽ ഇതിനെതിരെ അടിയന്തിരമായി ഫ്ളൂബെൻഡിയാമൈഡ് എന്ന കീടനാശിനി ഏക്കറിന് 20 മി.ലി. 200 ലിറ്റർ വെള്ളത്തിൽ കലക്കി തളിക്കേണ്ടതാണ്.

തെങ്ങിലെ വെള്ളീച്ചയെ നിയന്ത്രിക്കാനായി 2% വീര്യമുള്ള വേപ്പെണ്ണ എമൾഷൻ തയ്യാറാക്കിയതിലേക്ക് 20 ഗ്രാം *ലെക്കാനിസീലിയം ലെക്കാനി* എന്ന മിത്രികുമിൾ ചേർത്ത് നന്നായി കലക്കി ഇലകളുടെ അടിവശത്ത് പതിയത്തക്കവിധം തളിച്ച് കൊടുക്കുക. മഴക്കാലമായതിനാൽ, തെങ്ങിലെ കൂമ്പുചീയൽ രോഗത്തിനു മുൻകരുതലായി സുഷിരങ്ങൾ ഇട്ട മാങ്കോസെബ് സാഷ് ഒരു പായ്ക്കറ്റിൽ അഞ്ച് ഗ്രാം വീതം മൂന്ന് എണ്ണം ഓരോ തെങ്ങിന്റെയും കൂമ്പിനു ചുറ്റും വയ്ക്കുക.

ജാതിയിൽ കായ് അഴുകൽ, ഇല പൊഴിച്ചിൽ എന്നീ രോഗങ്ങൾ വരാൻ സാധ്യതയുണ്ട്. മുൻകരുതലായി രണ്ട് കിലോ ട്രൈക്കോഡർമ, 90 കിലോ ചാണകപ്പൊടിയും, 10 കിലോ വേപ്പിൻപിണ്ണാക്കുമായി കൂട്ടിക്കലർത്തി ആവശ്യത്തിന് ഈർപ്പം നിലനിൽക്കത്തക്കവണ്ണം രണ്ടാഴ്ച്ചവെച്ച മിശ്രിതത്തിൽ നിന്ന് 2.5 കിലോ വീതം ഓരോ ചെടിക്ക് ചുവട്ടിലും ഇട്ടുകൊടുക്കുക. ഒരു മാസത്തിനു ശേഷം സ്യൂഡോമോണാസ് 20 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ കലക്കി തളിക്കുക. അല്ലെങ്കിൽ 1% വീര്യമുള്ള ബോർഡോ മിശ്രിതം കലക്കി തളിക്കുക. മണ്ണിലെ അമ്ലത്വം കുറയ്ക്കാനായി കുമ്മായം ഇട്ടു കൊടുക്കാവുന്നതാണ്.

കാബേജ്, കോളിഫ്ളവർ തുടങ്ങിയ ശീതകാല പച്ചക്കറികൾ നടാൻ പറ്റിയ സമയമാണിത്. വിത്ത് നട്ട് മുളപ്പിച്ച തൈകൾ 25 ദിവസം പാകമാകുമ്പോൾ പറിച്ച് നടാവുന്നതാണ്. പച്ചക്കറി വിളകൾക്ക് കഴിവതും ജൈവകീടനാശിനികൾ മുൻകൂറായി ഉപയോഗിക്കുന്നതാണ് നല്ലത്. വേപ്പെണ്ണ ഇമൾഷൻ, വേപ്പെണ്ണ വെളുത്തുള്ളി മിശ്രിതം തുടങ്ങിയവ പച്ചക്കറി വിളകളിലെ മിക്കകീടങ്ങളേയും നിയന്ത്രിക്കാൻ ഉപകരിക്കുന്ന ജൈവകീടനാശിനികളാണ്. കൂടാതെ നീരൂറ്റികുടിക്കുന്ന പ്രാണികളെ നിയന്ത്രിക്കുന്നതിന് *ലെക്കാനിസീലിയം ലെക്കാനി* എന്ന ജീവാണുക്കൾച്ചർ 20 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ കലക്കി തളിക്കുക. സ്യൂഡോമോണാസ് 20 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ കലക്കി തളിക്കുന്നത് രോഗ പ്രതിരോധത്തിന് സഹായിക്കും.

പയറിൽ കായും തണ്ടും തുരക്കുന്ന കീടത്തിന്റെ ഉപദ്രവമേറ്റ ഭാഗങ്ങൾ മുറിച്ചു നീക്കം ചെയ്യുക. കായ്തുരപ്പന്റെ ആക്രമണം നിയന്ത്രിക്കാനായി വേപ്പിൻ കുരുസത്ത് 5% വീര്യത്തിൽ തയ്യാറാക്കി തളിക്കുക. ആക്രമണം രൂക്ഷമാണെങ്കിൽ 2 മി.ലി ഫ്ളൂബെൻഡിയാമൈഡ് 10ലിറ്റർ വെള്ളത്തിൽ എന്ന തോതിലോ അല്ലെങ്കിൽ ക്ലോറാൻട്രാനിലിപ്രോൾ 3 മി.ലി 10 ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ തളിച്ച് കൊടുക്കേണ്ടതാണ്.

ഇടവിട്ടുള്ള മഴയും വെയിലും മൂലം ഇഞ്ചിയിൽ റൈസോം മാഗറ്റിന്റെ ആക്രമണം കാണാൻ സാധ്യതയുണ്ട്. കൃഷിസ്ഥലങ്ങളിൽ മതിയായ നീർവാർച്ച സൗകര്യം ഒരുക്കുക. ആക്രമണം കൂടുതലായി കാണുകയാണെങ്കിൽ 2.5 മില്ലി ക്ലോർപൈറിഫോസ് ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ കലക്കി മണ്ണ് കുതിരത്തക്കവണ്ണം തടത്തിൽ ഒഴിച്ചു കൊടുക്കുക.

നേന്ത്രവാഴ നടേണ്ട സമയമാണ് ഇപ്പോൾ. രോഗകീടബാധ ഇല്ലാത്ത ഇടത്തരം വലുപ്പമുള്ള സൂചിക്കന്നുകൾ വേണം നടാൻ. വാഴ നട്ട് കഴിഞ്ഞ് ഒരു മാസത്തിനകം അര കിലോ കുമ്മായമെങ്കിലും വാഴ ഒന്നിന് നൽകേണ്ടതാണ്.

**അറിയിപ്പ്**

- കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള മണ്ണുത്തി കമ്മ്യൂണിക്കേഷൻ സെന്ററിൽ കാർഷിക പ്രസിദ്ധീകരണങ്ങളും, കല്പധേനു എന്ന കാർഷിക സർവ്വകലാശാലയുടെ ത്രൈമാസിക പ്രസിദ്ധീകരണവും വില്പനയ്ക്കുണ്ട്. ബന്ധപ്പെടേണ്ട ഫോൺ നമ്പർ : **0487-2370773**
- കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള മണ്ണുത്തി കമ്മ്യൂണിക്കേഷൻ സെന്ററിന്റെ ആഭിമുഖ്യത്തിൽ കർഷകർക്കായി 2022 ഒക്ടോബർ 18,19 തീയതികളിൽ തേനീച്ചകൃഷി എന്ന വിഷയത്തിൽ ദ്വിദിന പരിശീലന പരിപാടികൾ നടത്തുന്നു. ഫീസ് 1050/- രൂപ. പരിപാടിയിൽ പങ്കെടുക്കുവാൻ താല്പ്പര്യമുള്ളവർ താഴെ പറയുന്ന ഫോൺ നമ്പറിൽ ബന്ധപ്പെടുക. ഫോൺ നമ്പർ - 0487- 2370773.
- കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള മണ്ണുത്തി കമ്മ്യൂണിക്കേഷൻ സെന്ററിന്റെ ആഭിമുഖ്യത്തിൽ കർഷകർക്കായി 2022 ഒക്ടോബർ 20,21 തീയതികളിൽ വീട്ടുവളപ്പിലെ പച്ചക്കറികൃഷി എന്ന വിഷയത്തിലും ദ്വിദിന പരിശീലന പരിപാടികൾ നടത്തുന്നു. ഫീസ് 1050/- രൂപ . പരിപാടിയിൽ പങ്കെടുക്കുവാൻ താല്പ്പര്യമുള്ളവർ താഴെ പറയുന്ന ഫോൺ നമ്പറിൽ ബന്ധപ്പെടുക. ഫോൺ നമ്പർ - 0487- 2370773.

ഒപ്പ്/-
പ്രൊഫസർ & ഹെഡ്
കമ്മ്യൂണിക്കേഷൻ സെന്റർ